REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഇന്നും തടസ്സപ്പെട്ടു.**
- **സംസ്ഥാനത്തെ ആദ്യ കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് കൊച്ചി ബ്രഹ്മപുരത്ത് ആഗസ്ത് - സപ്തംബർ മാസത്തോടെ കമ്മീഷൻ ചെയ്യുമെന്ന് മന്ത്രി MB രാജേഷ്.**
- **ശിക്ഷ സംസ്കൃതി ഉത്ഥാൻ ന്യാസിന്റെ ജ്ഞാനസഭ ഇന്ന് കൊച്ചിയിൽ സമാപിക്കും.**
- **സംസ്ഥാനത്ത് മറ്റന്നാൾ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.**
- **ഫിഡെ വനിതാ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ വിജയിയെ തീരുമാനിക്കാൻ റാപിഡ്, ബ്ലിറ്റ്സ് ടൈ ബ്രേക്കർ മത്സരങ്ങൾ അൽപസമയത്തിനകം.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഇന്നും തടസ്സപ്പെട്ടു. ലോക്സഭ ഉച്ചയ്ക്ക് ഒരു മണി വരെയും രാജ്യസഭ രണ്ട് മണി വരെയും നിർത്തിവെച്ചു. വിവിധ വിഷയങ്ങളുന്നയിച്ച് പ്രതിപക്ഷ MP മാർ മുദ്രാവാക്യമുയർത്തി പ്രതിഷേധിച്ചതോടെയാണ് സഭകൾ നിർത്തിവെച്ചത്. ലോക്സഭയിൽ സമ്മേളനം ചേർന്നയുടൻ ബിഹാറിലെ പ്രത്യേക വോട്ടർപട്ടിക പുതുക്കൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം മുദ്രാവാക്യം വിളിച്ചു. ചോദ്യോത്തരവേള

തടസ്സപ്പെടുത്തതരുതെന്ന സ്പീക്കർ ഓം ബിർളയുടെ അഭ്യർത്ഥന പ്രതിപക്ഷം തള്ളിയതോടെ സഭ നിർത്തിവെക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു.

രാജ്യസഭയിലും പ്രതിപക്ഷം മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തി. അണ്ണാ DMK അംഗങ്ങളായ M ധനപാലും, IS ഇമ്പദുരൈ യും സഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്ത ശേഷമായിരുന്നു പ്രതിപക്ഷത്തിന്റെ പ്രതിഷേധം. പ്രതിപക്ഷം നൽകിയ 26 അടിയന്തര പ്രമേയ നോട്ടീസുകൾക്ക് സഭാധ്യക്ഷൻ അനുമതി നിഷേധിച്ചു.

ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ ലോക്സഭയിൽ ഇന്ന് പ്രത്യേക ചർച്ച ആരംഭിക്കാനിരിക്കെയാണ് പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭ തടസ്സപ്പെട്ടത്.

✪✪✪

സമാജ്‌വാദി MP ഡിമ്പിൾ യാദവിനെതിരായ അഖിലേന്ത്യാ ഇമാം അസോസിയേഷൻ പ്രസിഡണ്ട് മൗലാനാ സാജിദ് റഷീദിയുടെ പരാമർശത്തിൽ NDA MP മാർ പാർലമെന്റ് പരിസരത്ത്, പ്രതിഷേധിച്ചു. സ്ത്രീസമൂഹത്തിനു നേരെ അപകീർത്തികരമായ പരാമർശമാണ് റഷീദി നടത്തിയതെന്ന് MP മാർ ആരോപിച്ചു.

✪✪✪

UP യിലെ ബാരാബങ്കി ഔസനേശ്വർ മഹാദേവ ക്ഷേത്രത്തിനു സമീപം തിക്കിലും തിരക്കിലും രണ്ട് പേർ മരിച്ചു. 17 പേർക്ക് പരിക്കേറ്റു. പുലർച്ചെ ക്ഷേത്രത്തിനടുത്ത് ടിൻ ഷീറ്റിനു മുകളിൽ വൈദ്യുതി കമ്പി പൊട്ടിവീണതിനെ തുടർന്നാണ് തിക്കും തിരക്കുമുണ്ടായത്. മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം സഹായധനം നൽകുമെന്നും മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അറിയിച്ചു.

✪✪✪

ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം. കരളിനെ ബാധിക്കുന്ന ഹെപ്പറ്റൈറ്റിസിനെതിരെ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ജൂലൈ 28 ലോക ഹെപ്പറ്റൈറ്റിസ് ദിനമായി ആചരിക്കുന്നത്. കരൾവീക്കവും അനുബന്ധ മഞ്ഞപ്പിത്ത രോഗങ്ങളുമായി ബന്ധപ്പെട്ട സാമൂഹ്യ - സാമ്പത്തിക - പ്രതിബന്ധങ്ങൾ തിരിച്ചറിയാനും ഇല്ലാതാക്കാനും ഒരുമിച്ച് നിൽക്കാമെന്ന ആശയത്തിലാണ് ഈ വർഷത്തെ ദിനാചരണം.

✪✪✪

ഛത്തീസ്ഗഡിൽ അറസ്റ്റ് ചെയ്ത മലയാളി കന്യാസ്ത്രീകൾക്ക് നീതി ലഭിക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. കസ്റ്റഡിയിൽ എടുത്ത ശേഷം സിസ്റ്റർ വന്ദനാ ഫ്രാൻസിസ്, പ്രീതി എന്നിവരുമായി ആശയവിനിമയം നടത്താൻ കഴിഞ്ഞിട്ടില്ലെന്ന് ബന്ധുക്കൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കത്ത്.

സംഭവത്തിൽ കൃത്യമായ അന്വേഷണം നടത്തി നിരപരാധികളെ സംരക്ഷിക്കണമെന്നും കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കണമെന്നും ഛത്തീസ്ഗഢ് ഗവൺമെന്റുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരോട് അഭ്യർത്ഥിച്ചതായി BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

ശിക്ഷ സംസ്കൃതി ഉത്ഥാൻ ന്യാസിന്റെ ജ്ഞാനസഭ വൈകിട്ട് കൊച്ചിയിൽ സമാപിക്കും. സമാപനസഭയിൽ RSS സർസംഘ് ചാലക് മോഹൻഭാഗവത് മുഖ്യപ്രഭാഷണം നടത്തും.

വിദ്യാഭ്യാസത്തിലൂടെ വികസിത ഭാരതം എന്ന വിഷയത്തെ ആസ്പദമാക്കി രാവിലെ ആരംഭിച്ച ചർച്ചയിൽ സർവകലാശാല വൈസ് ചാൻസലർമാരും, വിവിധ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരും പങ്കെടുത്തു.

✪✪✪

ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങളുടെ ഡിജിറ്റലൈസേഷൻ ലക്ഷ്യം വെച്ച് ആരംഭിച്ച ഇ-ഹെൽത്ത് 800 ആരോഗ്യ സ്ഥാപനങ്ങളിൽ പൂർണമായും നടപ്പാക്കാൻ സാധിച്ചായി മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. നേരത്തെ ഇത് 226 സ്ഥാപനങ്ങളിലായിരുന്നു.

O.P ടിക്കറ്റ് ഉൾപ്പെടെ എല്ലാ രേഖകളും ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സ്ഥാപനങ്ങൾ ജനസൗഹൃദവുമാക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഇന്ന് ലോക പ്രകൃതി സംരക്ഷണ ദിനം. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം പകരുകയെന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം.

ദിനാചരണത്തോടനുബന്ധിച്ച് കോഴിക്കോട് ജില്ലാ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കുറ്റിക്കാട്ടൂർ AWH കോളജിൽ രാവിലെ ബോധവൽക്കരണ ക്ലാസും വൃക്ഷത്തൈ നടലും സംഘടിപ്പിച്ചു.

✪✪✪

ഇസ്രായേലുമായി ബന്ധപ്പെട്ട കപ്പലുകളെ ഏതു രാജ്യത്തിന്റേത് എന്ന് പരിഗണിക്കാതെ ആക്രമിക്കുമെന്ന് ഹൂതികൾ മുന്നറിയിപ്പ് നൽകി. ഗാസ ഉപരോധം പിൻവലിക്കാൻ ഇസ്രായേലിനു മേൽ സമ്മർദ്ദം ചെലുത്തണമെന്ന് വ്യാപാര കപ്പൽ കമ്പനികളോട് അവർ ആവശ്യപ്പെടുകയും ചെയ്തു. ഗാസയിലെ പലസ്തീനികൾക്കായി 2023 മുതൽ ഹൂതികൾ ഇസ്രായേൽ വ്യാപര കപ്പലുകളെ ആക്രമിച്ച് വരികയാണ്.

✪✪✪

കൊച്ചി ബ്രഹ്മപുരത്ത് സംസ്ഥാനത്തെ ആദ്യ കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് ആഗസ്ത് - സപ്തംബർ മാസത്തോടെ കമ്മീഷൻ ചെയ്യുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ഇതിന്റെ ട്രയൽ റൺ ആരംഭിച്ചതായും മന്ത്രി അറിയിച്ചു. കോഴിക്കോട് ഞെളിയൻപറമ്പിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ കരാർ ഒപ്പുവെയ്ക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. സംസ്ഥാന ഗവൺമെന്റും, കോഴിക്കോട് കോർപ്പറേഷനും BPCL ഉം നിർമ്മാണ കരാറിൽ ഒപ്പു വെച്ചു.

ഭാരത് പെട്രോളിയം കോർപ്പറേഷനാണ് പ്രതിദിനം 150 ടൺ മാലിന്യ സംസ്കരണ ശേഷിയോടുകൂടിയ പ്ലാന്റ് സ്ഥാപിക്കുന്നത്. പാലക്കാട്ട് സംസ്കരണ പ്ലാന്റ് ഡിസംബറിൽ യാഥാർഥ്യമാകുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് പ്ലാന്റിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് അഞ്ച് മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മന്ത്രി P.A മുഹമ്മദ് റിയാസും പരിപാടിയിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. മറ്റന്നാൾ വരെ ചിലയിടങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് വ്യാഴാഴ്ച വരെയും, മത്സ്യബന്ധനത്തിനും വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കനത്ത മഴയ്ക്ക് ശമനം ഉണ്ടായതിനാൽ കണ്ണൂർ ജില്ലയിൽ ഖനന പ്രവർത്തനങ്ങൾക്കും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രവേശനത്തിനും ഉണ്ടായിരുന്ന നിരോധനം പിൻവലിച്ചു. ജില്ലാ കളക്ടറാണ് ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്.

✪✪✪

എഴുത്തച്ഛൻ രാമായണമെഴുതിയത് ഈശ്വരഭക്തി പ്രചരിപ്പിക്കാൻ മാത്രമല്ലെന്ന് സാഹിത്യകാരൻ C.രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഈശ്വരഭക്തി മാത്രമായിരുന്നു ലക്ഷ്യമെങ്കിൽ കീർത്തനങ്ങളായിരുന്നു അദേഹം എഴുതേണ്ടിയിരുന്നതെന്നും അദ്ദേഹം പറഞ്ഞു. തിരൂർ തുഞ്ചൻ പറമ്പിൽ സംഘടിപ്പിച്ച രാമായണോത്സവം രണ്ടാം ദിവസം 'രാമായണത്തിന്റെ രാഷ്ട്രീയം' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉച്ചകഴിഞ്ഞ് രാമായണോത്സവത്തിന്റെ ഭാഗമായി 'രാമായണത്തിലെ സീത' എന്ന വിഷയത്തിൽ ഡോ. E. ശ്രീധരൻ

സംസാരിക്കും. ഈ മാസം 30 വരെയാണ് രാമായണോത്സവത്തിന്റെ ഭാഗമായി തുഞ്ചൻ പറമ്പിലെ പരിപാടികൾ.

✪✪✪

ഫിഡെ വനിതാ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ വിജയിയെ തീരുമാനിക്കാൻ റാപിഡ്, ബ്ലിറ്റ്സ് ടൈ ബ്രേക്കർ മത്സരങ്ങൾ ഉച്ചയ്ക്ക് ആരംഭിക്കും. ഇന്ത്യൻ സമയം 1.35ന് ജോർജ്ജിയയിലെ ബറ്റുമി-യിലാണ് മത്സരം. ഇന്ത്യൻ താരങ്ങളായ ഗ്രാന്റ് മാസ്റ്റർ കൊനേരു ഹംപിയും ഇന്റർനാഷണൽ മാസ്റ്റർ ദിവ്യ ദേശ്മുഖും ക്ലാസിക്കൽ ഗെയിമുകളിൽ തുല്യത പാലിച്ചതിനെ തുടർന്നാണ് റാപിഡ് മത്സരം. രണ്ട് മത്സരങ്ങളിലും തുല്യത പാലിച്ച ഹംപിക്കും ദിവ്യക്കും നിലവിൽ ഓരോ പോയിന്റ് ലഭിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് അഞ്ചാം ടെസ്റ്റിൽ നിന്ന് വിക്കറ്റ് കീപ്പർ ഋഷഭ് പന്തിനെ ഒഴിവാക്കി. നാലാം ടെസ്റ്റിൽ വലതു കാലിനുണ്ടായ പരിക്കിനെത്തുടർന്നാണ് ഋഷഭിനു പകരം നാരായൺ ജഗദീഷിനെ ഉൾപ്പെടുത്തിയത്. ഈ മാസം 31ന് കെന്നിങ്ടൺ ഓവലിലാണ് അഞ്ചാം ടെസ്റ്റ്.

✪✪✪

അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പയ്യന്നൂർ റെയിൽവേ സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലേക്ക്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ

....................വോയ്സ്......................

✪✪✪

സ്വാതന്ത്ര്യസമരസേനാനി വർക്കിച്ചൻ മണിമല നിര്യാതനായി. അദ്ദേഹത്തിന് 96 വയസ്സായിരുന്നു. സംസ്കാരം മറ്റന്നാൾ  തൊടുപുഴ പള്ളാക്കാമുറി ലിറ്റിൽ ഫ്ലവർ പള്ളി  സെമിത്തേരിയിൽ നടത്തും.

✪✪✪

ലോക സൗഹൃദ ദിനമായ ഓഗസ്റ്റ് മൂന്നിന് സുഹൃത്തുക്കൾ തമ്മിൽ വൃക്ഷത്തൈകൾ കൈമാറുന്ന പരിപാടി സംഘടിപ്പിക്കാൻ ഹരിത കേരളം മിഷൻ തീരുമാനിച്ചു. ജനകീയ വൃക്ഷ വത്കരണ ക്യാമ്പയിനിന്റെ ഭാഗമായി 'സൗഹൃദം മഹാ വൃക്ഷമായി വളരട്ടെ' എന്ന സന്ദേശ ത്തോടെയാണ് പരിപാടി നടത്തുന്നത്. സംസ്ഥാനത്ത് ഹരിത കേരളം മിഷൻ സൃഷ്ടിച്ച പച്ച തുരുത്തുകളിലും അന്ന് തൈകൾ നടും.

✪✪✪

കണ്ണൂരിലെ ചെറുപുഴ തിരുമേനി മുതുവത്ത് ബസ് നിയന്ത്രണം വിട്ട്  തോട്ടിലേക്ക് മറിഞ്ഞു.  പത്തിലേറെ പേർക്ക് പരിക്കേറ്റു.

✪✪✪

കണ്ണൂരിലെ ചെറുപുഴ തിരുമേനി മുതുവത്ത് ബസ് നിയന്ത്രണം വിട്ട്  തോട്ടിലേക്ക് മറിഞ്ഞു.  പത്തിലേറെ പേർക്ക് പരിക്കേറ്റു.

✪✪✪

കണ്ണൂർ ഇരിട്ടിയിൽ കണ്ടെയ്നർ ലോറിയിൽ നിന്നും മിനി ലോറിയിലേക്ക് മാർബിൾ മാറ്റി കയറ്റുന്നതിനിടെ രണ്ടുപേർ കുടുങ്ങി. പുന്നാട് ടൗണിലെ തൊഴിലാളികളായ ബിനു , ശശി എന്നിവരെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കൊല്ലം പത്തനാപുരത്ത് ക്ലിനിക്കിൽ കയറി വനിതാ ഡോക്ടറെ  പീഡിപ്പിക്കാൻ ശ്രമിച്ച യുവാവ് അറസ്റ്റിലായി. പത്തനാപുരം കാരംമൂട് സ്വദേശി സൽദാൻ ആണ് പിടിയിലായത്.

✪✪✪

---

***News Editor : ശ്രുതി M***
***News Reader: ഫസ്ന ഫാത്തിമ***
***NRT: അനിൽ ചന്ദ്രൻ,***
***DEO: ഷീബ***